പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 — 26.06.2013-ൽ മറുപടിക്ക്

## പെന്റാവാലന്റ് വാക്സിന്റെ ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ഡോ. ടി. എം. തോമസ് ഐസക്ക് :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)ജ |
| (എ) പെന്റാവാലന്റ് വാക്സിൻ പൈലറ്റ് പദ്ധതി യായി കേരളത്തിൽ നടത്തിയ ഈ പ്രതി രോധ കുത്തിവയ്പിനെക്കുറിച്ച് ഒരു വർഷം പൂർത്തിയായപ്പോൾ ഔദ്യോഗികമായി എന്തു പഠനമാണ് നടത്തിയതെന്ന് അറിയിക്കാമോ ; | (എ) ഏതൊരു പുതിയ വാക്സിനും ആരംഭിച്ചതിനുശേഷം 6 മുതൽ 12 മാസത്തിനകം ഒരു വിലയിരുത്തൽ പഠനം നടത്തണമെന്ന് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട പ്രകാരം ലോകാരോഗ്യ സംഘടന ഒരു വിലയിരുത്തൽ (പോസ്റ്റ് ഇൻട്രഡക്ഷൻ ഇവാല്യുവേഷൻ) നടത്തുകയുണ്ടായി. കൂടാതെ എ.ഇ.എഫ്.ഐ (അഡ്വേഴ്സ് ഇവന്റ് ഫോളോവിങ് ഇമ്മ്യൂണൈസേഷൻ) ഇവാല്യുവേഷൻ ടീം വാക്സിൻ നൽകിയതിനു ശേഷം ഉണ്ടാകുന്ന പാർശ്വ ഫല ങ്ങൾ വിലയിരുത്തുന്ന നാഷണൽ ഇവാല്യുവേഷൻ ടീം കേരളം സന്ദർശിക്കുകയും വാക്സിൻ നൽകിയ കുട്ടികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കു കയും ചെയ്തു. |
| (ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ; മറ്റു പല രാജ്യങ്ങളും ഈ കുത്തിവെയ്പ്പ് നിരോധിച്ചി ട്ടുള്ളതായി അറിയാമോ ; | (ബി) ഭാരതത്തിൽ പ്രതിരോധ കുത്തിവയ്പിലും മറ്റ് ആരോഗ്യ സൂചികകളിലും മുൻപന്തിയിലായതിനാ ലാണ് കേരളത്തിലും തമിഴ് നാട്ടിലും ആരംഭിച്ചത്. കേരളത്തിൽ കൂടാതെ തമിഴ് നാട്, ഗോവ, പോണ്ടി ച്ചേരി, കർണാടക, ഗുജറാത്ത്, ഡൽഹി, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങളിലും ഇപ്പോൾ കുത്തിവയ്പ്പ് നടത്തുന്നുണ്ട്. മറ്റ് രാജ്യങ്ങളിൽ ഈ കുത്തിവയ്പ്പ് നിരോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ